KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

No. PS1 (B)/Special Days/2021

തീയതി: 25.01.2023

## പരിപത്രം

വിഷയം: - രക്തസാക്ഷി ദിനം - ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജീവൻ വെടിഞ്ഞവരുടെ സ്മരണാർത്ഥം 30.01.2023 – ന് 2 മിനിറ്റ് മൗനം ആചരിക്കുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്

സൂചന : കേരള സർക്കാർ പൊതുഭരണ (ഏകോപനം) വകുപ്പ് സർക്കുലർ നമ്പർ സി.ഡി.എൻ. 2/101/2022/ പൊ.ഭ.വ. തീയതി, തിരുവനന്തപുരം 13.12.2022.

ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജീവൻ വെടിഞ്ഞവരുടെ സ്മരണാർത്ഥം എല്ലാവർഷവും, ഗാന്ധിജിയുടെ രക്തസാക്ഷി ദിനമായ **ജനുവരി 30** ന് രാജ്യവ്യാപകമായി രാവിലെ 11 മണിമുതൽ രണ്ട് മിനിറ്റ് മൗനം ആചരിക്കുന്നു. ഈ സമയം ഓരോരുത്തരും അവരവരുടെ സഞ്ചാരത്തിനും പ്രവർത്തനത്തിനും വിരാമമിട്ട്, സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിക്കുന്നു. ആയതിനാൽ ഗാന്ധിജിയുടെ 75 -)ം മത് രക്തസാക്ഷിത്വ വാർഷികദിനമായ 2023 ജനുവരി 30 തിങ്കളാഴ്ച രാവിലെ 11 മണിക്ക്, സ്വതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിച്ച് രണ്ടു മിനിറ്റ് മൗനം ആചരിക്കുന്നതിന് എല്ലാ ഓഫീസ് മേധാവികളും അവരവരുടെ ഓഫിസുകളിലും അവരുടെ കീഴിലുള്ള ഓഫീസുകളിലും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

രക്തസാക്ഷി ദിനമായ 2023 ജനുവരി 30 തിങ്കളാഴ്ച, തിരുവനന്തപുരം വൈദ്യുതി ഭവനിൽ രാവിലെ 10.59 മുതൽ 11.00 മണിവരെ സൈറൺ മുഴങ്ങുന്നതായിരിക്കും. അതിന് ശേഷം 11.02 ന് മൗനാചരണം അവസാനിക്കുമ്പോഴും സൈറൺ മുഴങ്ങുന്നതായിരിക്കും. ഇതിനോട് അനുബന്ധിച്ചുള്ള ക്രമീകരണങ്ങൾ സിവിൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ, പട്ടം വൈദ്യുതി ഭവൻ സജ്ജമാക്കുന്നതായിരിക്കും.

മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ എല്ലാ കാര്യാലയങ്ങളിലും നടപ്പിലാക്കുന്നതിനും ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഒപ്പ്**
**സബിത എസ്**
**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, എസ്.സി.എം & ഐ.റ്റി)/ടി. എ ടു ഡയറക്ടർ {റീസ്, സൗര, നിലാവ് പ്രോജക്റ്റ്, സ്പോർട്സ് & വെൽഫയർ} ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, & സേഫ്റ്റി)/ ടി. എ ടു ഡയറക്ടർ {ജനറേഷൻ, ഇലക്ട്രിക്കൽ & എച്ച്.ആർ.എം} ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)/ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്